ശ്രീ. ഈ. പി. പൗലോസ് : ബുദ്ധിശൂന്യമാണെന്നു ഞാനഭിപ്രായപ്പെട്ടിട്ടില്ല. തുപ്പലും നാല്പലും പറഞ്ഞു നെല്ലു കയ്യേറുന്ന മില്ലുകാരെ സർക്കാർ എടുത്തുകൊണ്ടുപോകുന്നതു് ബുദ്ധിശൂന്യമായിരിക്കുമെന്നു് അഭിപ്രായമുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : കാലേകൂട്ടി ലൈസൻസു വാങ്ങിച്ചിട്ടുള്ളവർ മില്ലു സ്റ്റാർട്ടുചെയ്യാതെ ലൈസൻസു പുതുക്കുന്നു ഒരേർപ്പാടുണ്ടു്. ഒരു നിശ്ചിത കാലയളവുവച്ചു് അങ്ങനെയുള്ള ലൈസൻസു പുതുക്കി കൊടുക്കുകയില്ലെന്നുള്ള ഒരു നിലപാടു സ്വീകരിക്കുമോ ? അതുപോലെതന്നെ ലൈസൻസു വാങ്ങി കച്ചവടം നടത്തുന്ന ഏർപ്പാടുമുണ്ടു്. അതിനെ തടയുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇങ്ങനെയുള്ള ചില കേസുകളിൽ ലൈസൻസു പുതുക്കിക്കൊടുക്കാതിരുന്നിട്ടുണ്ടു്. പലപ്പോഴും തുടങ്ങാത്തതു് സ്വന്തനിലയിലുള്ള ബുദ്ധിമുട്ടാണെന്നു കണ്ടതുകൊണ്ടാണു് ചില കേസുകളിൽ ഉദാരമായ നില സ്വീകരിക്കുന്നതു്.

ശ്രീ. കെ. ഹസ്സൻ ഗനി: ചില ഡിസ്ട്രിക്ടുകളിൽ റൈസു് മില്ലുകാരുടെ ലൈസൻസു കൊടുക്കരുതെന്നു കല്പന അയച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അങ്ങനെ കല്പന അയച്ചിട്ടില്ല. കണ്ണനാരും പാലക്കാടും തിരുവിതാംകൂർ—കൊച്ചിയിലുള്ള ചില ഡിസ്ട്രിക്ടുകളിലും റൈസു മില്ലുകാരും ആവശ്യത്തിനുള്ളതുകൊണ്ടു് കൂടുതൽ അനുവദിക്കാതിരുന്നു. ഇങ്ങനെ ചെയ്യുന്നതിൽ ഇൻഡ്യാഗവണ്മെന്റിൽ പരാതി കൊടുത്തതിന്റെ ഫലമായി ഓരോ ആപ്ലിക്കേഷനും നോക്കി അതിന്റെ മെരിട്സിൽ കൺസിഡർ ചെയ്യുകയല്ലാതെ തികച്ചും ലൈസൻസു നിഷേധിക്കുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായം വന്നു. ഇപ്പോഴും അങ്ങനെ അനുവദിക്കുന്നുണ്ടു്. പക്ഷേ അങ്ങനെയുള്ള സ്ഥലത്തു് അനുവദിക്കുന്നതിൽ കുറച്ചു ബുദ്ധിമുട്ടുണ്ടു്.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി

* 858. [24] ശ്രീ. കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി പൂർത്തിയായോ ;

(ബി) ഈ പ്രോജക്ടിൽനിന്നും എന്നുമുതൽ കൃഷിക്കു് വെള്ളം കൊടുക്കുവാൻ സാധിക്കും ;

(സി) എത്ര ഏക്കർ സ്ഥലത്തേക്കു് ഇതു് പ്രയോജനപ്പെടും :

(ഡി) ഇതിന്റെ ആകെ എസ്റ്റിമേറ്റു് എത്ര ;

(ഈ) ഇതിൽ എത്രസംഖ്യ ചെലവായി ;

(എഫ്) ഇടുക്കി പദ്ധതിയിൽനിന്നും വെള്ളം പെരിയാറിലേക്കു് ഡൈവർട്ടുചെയ്തു് മൂന്നാമത്തെ കൃഷിക്കു് ഉപയോഗപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഇല്ല.

(ബി) 1964 മേയ്മാസംമുതൽ വെള്ളംകൊടുക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(സി) 63,300 ഏക്കർ.

(ഡി) 640 ലക്ഷം രൂപാ.

(ഈ) എസ്റ്റാബ്ലിഷ്മെന്റു ചെലവുകൾ ഉൾപ്പെടെ 1964 ജനുവരി അവസാനംവരെ 278.03 ലക്ഷം രൂപ ചെലവായി.

(എഫ്) ഇടുക്കി പദ്ധതിൽനിന്നും വെള്ളം പെരിയാറിലേക്കു് ഡൈവർട്ടു ചെയ്യുന്നതിനെപ്പറ്റി യാതൊരു തീരുമാനവും എടുത്തിട്ടില്ല. അക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ കെ. എം. ചാക്കോ : ഇടുക്കി പദ്ധതിയിൽനിന്നും പെരിയാറിലേക്ക് വെള്ളം ഡൈവർട്ടുചെയ്യുമ്പോൾ അതിന്റെ താഴെയുള്ള പ്രദേശങ്ങൾക്കും ആലുവാ പ്രദേശത്തിനും സഹായകമായിരിക്കയില്ലേ ?

ശ്രീ. ഈ. പി. പൗലോസ് : അതുകൊണ്ടാണ് അങ്ങനെ ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുന്നത്. അവസാന തീരുമാനം ആയിട്ടില്ലെന്നേ ഉള്ളൂ.

എസ്റ്റേറ്റുകൾ

* 859. [27] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് ഉടമസ്ഥതയിൽ ഏതെല്ലാം ഇനത്തിൽപെട്ട എസ്റ്റേറ്റുകൾ ഉണ്ട് ;

(ബി) റബ്ബർമരം മാത്രം നട്ടുവളർത്തിയിട്ടുള്ള എസ്റ്റേറ്റുകൾ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏവിടെ ; എത്ര ഏക്കർ ;

(ഡി) കഴിഞ്ഞ മുന്നു കൊല്ലത്തിനുള്ളിലായി അതിൽനിന്നും ഗവണ്മെന്റിലേക്കുള്ള വരവെത്ര ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എസ്റ്റേറ്റുകളൊന്നുമില്ല. പ്ലാന്റേഷൻ കാർപ്പറേഷന്റെ കീഴിൽ റബ്ബർ എസ്റ്റേറ്റുകൾ ഉണ്ട്.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഈ. ബലറാം : കൊട്ടമണ്ണിൽ റബ്ബർതോട്ടമുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. ഈ. പി. പൗലോസ് : അത് ഫാമ്സ്റ്റിന്റെ ഡിപ്പാർട്ടുമെന്റിലാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഗവണ്മെന്റ് ഉടമസ്ഥതയിൽ ഉണ്ടോ എന്നാണ് ചോദിച്ചിട്ടുള്ളത്. മലബാറിൽ ആറ്റുതോട്ടവും ഗവണ്മെന്റുടമയിലുണ്ട്.

ശ്രീ. ഈ. പി. പൗലോസ് : എന്റെ അടുക്കൽ ചോദ്യം വന്നതുകൊണ്ട് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇല്ലെന്നു ഞാൻ പറഞ്ഞതാണ്. പൊതുവേ ചോദിച്ചതാണെങ്കിൽ വിവരം ശേഖരിക്കാൻ അതാതു ഡിപ്പാർട്ടുമെന്റിനു് അവസരം കൊടുക്കണം.

മരാമത്തു ഡിവിഷനുകളും അവയുടെ അതിർത്തിയിലുള്ള റോഡുകളും.

* 860. [28] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമരാമത്തു ഡിവിഷനുകളുടെ പേരും, ഓരോന്നിലും ഉൾപ്പെട്ട പ്രദേശവും, ഓരോന്നിന്റെയും അധികാരാതിർത്തിയിൽപെട്ട റോഡുകളുടെ നീളവും എത്രയാണ് എന്നു് വിവരിക്കുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ബി) 1963–64–ൽ ഓരോ ഡിവിഷനിലും ചെലവാക്കിയ സംഖ്യ എത്ര ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) 1964 ഫെബ്രുവരി അവസാനം വരെ റോഡുകൾക്കു ചെലവായ തുക കാണിക്കുന്ന സ്റ്റേറ്റുമെന്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly